## പതിമൂന്നാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം: 1418

14.06.2013 ലെ മറുപടിയ്ക്ക്

### എം.എസ്.ഡി.പി. പദ്ധതി

**ചോദ്യം**

ശ്രീ. ജോസഫ് വാഴക്കൻ :
" കെ. അച്ചുതൻ :
" വി.ഡി. സതീശൻ :
" പി.സി. വിഷ്ണുനാഥ് :

**ഉത്തരം**

ശ്രീ. മഞ്ഞളാംകുഴി അലി
(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി)

എ) എം.എസ്.ഡി.പി. ഏറ്റവും ഫലപ്രദമായി നടപ്പാക്കിയ സംസ്ഥാനമെന്ന ബഹുമതി കേരളത്തിന് ലഭിച്ചിട്ടുണ്ടോ;

ബി) എങ്കിൽ ഇത് സംബന്ധിച്ച വിശദാംശങ്ങൾ എന്തെല്ലാമാണ്;

സി) ഏതെല്ലാം മേഖലകളിൽ പദ്ധതി നടപ്പാക്കിയതിനാണ് ബഹുമതി ലഭിച്ചിട്ടുള്ളത്; വിശദമാക്കുമോ;

ഡി) പ്രസ്തുത പദ്ധതിയനുസരിച്ച് എത്ര ശതമാനം തുക ഇതിനകം ചെലവഴിച്ചു; വിശദമാക്കുമോ?

എ) യും ബി) യും സി) യും പതിനൊന്നാം പഞ്ചവത്സരപദ്ധതികാലത്ത് എം.എസ്.ഡി.പി പദ്ധതി നടപ്പിലാക്കുന്നതിന് സംസ്ഥാനത്തിന് അനുവദിച്ച തുക ചെലവഴിക്കുന്നതിൽ കേരളം ഒന്നാം സ്ഥാനത്ത് എത്തുകയുണ്ടായി.

ഡി) പതിനൊന്നാം പഞ്ചവത്സര പദ്ധതി കാലത്ത് നടപ്പാക്കിയ പദ്ധതികൾ, ചെലവഴിച്ച തുക എന്നിവ സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു.

| നം. | പദ്ധതി | അനുവദിച്ച തുക (ലക്ഷത്തിൽ) | ചെലവഴിച്ച തുക (ലക്ഷത്തിൽ) |
|---|---|---|---|
| 1. | വയനാട് ജില്ലയിൽ 10 ആരോഗ്യ ഉപകേന്ദ്രങ്ങളുടെ നിർമ്മാണം | 180 (153 - കേന്ദ്ര വിഹിതം + 27 - സംസ്ഥാനവിഹിതം) | 180 |
| 2. | 23 സർക്കാർ സ്കൂളുകളിലായി 38 അധിക ക്ലാസ്സുറികളുടെ നിർമ്മാണം. | 423.29 (227.50 -കേന്ദ്രവിഹിതം + 195.79 -സംസ്ഥാന വിഹിതം) | 423.29 |
| 3. | പാടിച്ചിറ, നടവയൽ, പടിഞ്ഞാറത്തറ-കുപ്പാടി വില്ലേജുകളിലെ കുടിവെള്ള പദ്ധതി | 1380 (1035 -കേന്ദ്രവിഹിതം + 345 - സംസ്ഥാന വിഹിതം) | 1291.11 |
| 4. | മേപ്പാടി ഗവ.പോളിടെക്നിക്കിന്റെ നവീകരണം | 75 (74.130 -കേന്ദ്രവിഹിതം + 0.87 -സംസ്ഥാന വിഹിതം) | 37.93 |
| | ആകെ | 2058.29 | 1932.33 (93.88%) |

കൂടാതെ, എം.എസ്.ഡി.പി.-യുടെ ഭാഗമായി സുൽത്താൻ ബത്തേരി താലൂക്ക് ഹോസ്പിറ്റലിന്റെ 2,3,4 നിലകളുടെ നിർമ്മാണത്തിന് 10 കോടി (750 ലക്ഷം - കേന്ദ്രവിഹിതം+ 250 ലക്ഷം - സംസ്ഥാനവിഹിതം) രൂപയുടെ പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ